**KERALA ELECTRICITY EMPLOYEES' CONFEDERATION**
**INTUC**
KEEC
(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | NAZEER.M<br>9447241503 |


No. KEEC/GL/2024/25

തിരുവനന്തപുരം
09.07.2024

സ്വീകർത്താവ്
ശ്രീ.കെ.കൃഷ്ണൻകുട്ടി
ബഹു.വൈദ്യുതി വകുപ്പ് മന്ത്രി
കേരള സർക്കാർ
തിരുവനന്തപുരം

സർ,

വിഷയം : ജീവനക്കാർക്ക് നേരെയുള്ള അക്രമങ്ങൾ തടയുവാൻ നിയമ നിർമ്മാണം നടത്തുന്നത് സംബന്ധിച്ച്.

സൂചന : തിരുവമ്പാടിയിൽ ഉൾപ്പടെ വിവിധ സ്ഥലങ്ങളിൽ KSEB ജീവനക്കാർക്ക് നേരെയുണ്ടായ അക്രമം.

കഴിഞ്ഞ കുറെ കാലങ്ങളായി സെക്ഷൻ ഓഫീസുകളിൽ രാവും പകലും ലീവ് എടുക്കാതെ ജോലി ചെയ്യുന്ന ജീവനക്കാർക്കുനേരെ നിരന്തരം ആക്രമിക്കുന്ന ഒരു രീതി ചില ആൾക്കാരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. ഇത് ജീവനക്കാരുടെ മനോധൈര്യം കെടുത്തുന്ന പ്രവണതയാണ്. ഇതിനെതിരെ മാനേജുമെന്റിന്റെ ഭാഗത്തുനിന്നും ശക്തമായ തീരുമാനം എടുക്കാത്തതുകൊണ്ടാണ് വീണ്ടും വീണ്ടും ഇത് തുടരുന്നത്. കഴിഞ്ഞ കുറെ കാലങ്ങളിൽ നടന്ന സംഭവങ്ങളിൽ ഒക്കെത്തന്നെ FIR ഇടുമ്പോൾ ദുർബലമായ വകുപ്പുകൾ ചുമത്തിയതിന്റെ ഫലമായി കേസുകളിൽ പെട്ടവരൊക്കെ രക്ഷപെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ഓഫീസിൽ കേറി അടിച്ചാൽപോലും ഒന്നും ചെയ്യാൻ വയ്യാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. സാധാരണ ഒരു വ്യക്തിക്ക് ആണെങ്കിൽ അവർക്ക് self defence എന്ന ഇന്ത്യൻ ശിക്ഷ നിയമം ഉപയോഗിക്കാമെങ്കിലും സർക്കാർ ജീവനക്കാരെന്ന പേരിൽ സർവ്വീസ് ചട്ടങ്ങളുടെ പരിധിയിൽ വരുന്നതുകൊണ്ടാണ് സാധാരണക്കാരായ KSEB ജീവനക്കാർക്ക് self defence ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യമാണ്. എഫിഷ്യൻസി എന്ന പേരിൽ ജീവനക്കാരെ പീഡിപ്പിക്കുന്ന മാനേജ്മെന്റും ഉദ്യോഗസ്ഥരും ഒരു സൈഡിൽ, 98 ശതമാനം എഫിഷ്യൻസി ഇല്ലെങ്കിൽ അവർക്കു മെമ്മോ കൊടുക്കുന്ന സാഹചര്യമാണ് ബോർഡിൽ ഉള്ളത്. 4000 കോടിക്ക് അടുത്ത് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി കുടിശ്ശിഖ കിട്ടാനുണ്ടെങ്കിലും അവരെ ഒന്നും ചെയ്യാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുമ്പോഴും, കുറഞ്ഞവിലയ്ക്കുള്ള വൈദ്യുതി വേണ്ടായെന്നുവച്ച് കൂടിയ വിലയ്ക്കുള്ള വൈദ്യുതി വാങ്ങി നഷ്ടം വരുത്തി വച്ചിരിക്കുന്ന സാഹചര്യം ഉള്ളപ്പോഴും, KFON ലൂടെ കോടികളുടെ നഷ്ടം ഉണ്ടാക്കിയ സാഹചര്യം നിലനിൽക്കുമ്പോഴും, പുരപ്പുറ സോളാറിലുടെ കോടികൾ നഷ്ടം വരുത്തിയ സാഹചര്യം ഉണ്ടാകുമ്പോഴും പാവപ്പെട്ട ഉപഭോക്താക്കളുടെ മുന്നിൽ ഇതൊക്കെയാണ് വിഷയങ്ങളായി നിൽക്കുന്നത്. തുടരെ തുടരെ വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നത് വൻ അഴിമതിയുടെ ഭാഗമായിട്ടാണ്. ആ വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുമ്പോൾ സ്വാഭാവികമായും

ജീവനക്കാരനാണ് അതിനു കാരണക്കാരൻ എന്ന് ഉപഭോക്താവിന്റെ മനസ്സിൽ നിൽക്കുന്നതുകൊണ്ടാണ് ചെറിയ ഒരു വൈദ്യുതി തടസ്സം ഉണ്ടാകുമ്പോഴും അവര് ജീവനക്കാരെ ആക്രമിക്കാൻ വരുന്നത്. മാത്രമല്ല 1991 ൽ 36 ലക്ഷം ഉപഭോക്താക്കൾക്ക് 30000 ജീവനക്കാർ ഉണ്ടായിരുന്നത്, ഇപ്പോൾ 1 കോടി 36 ലക്ഷം ഉപഭോക്താക്കൾക്ക് 25000 ൽ പരം ജീവനക്കാർ മാത്രമേ ബോർഡിൽ ഉള്ളു. അതുകൊണ്ട് കൃത്യമായി ജോലികൾ ചെയ്യാൻ സാധിക്കുന്നില്ല. Natural calamity ഉണ്ടാകുമ്പോൾ കൃത്യമായ സമയത്ത് എത്താൻ കഴിയാത്തത് മതിയായ ജീവനക്കാർ ഇല്ലാത്തതുകൊണ്ടാണ്. അപ്പോൾ ജനങ്ങൾ വിചാരിക്കുന്നത് ജീവനക്കാർ മനപ്പൂർവ്വം ജോലികൾ ചെയ്യുന്നില്ലായെന്ന തെറ്റായ ധാരണയുടെ പുറത്താണ്.

ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ ഈ അടുത്തിടെ ജീവനക്കാരെ ഉപദ്രവിച്ച സംഭവം ഉണ്ടായപ്പോൾ, കൊലപാതകം വരെ നടന്നു. ഇവിടെയും അത് ഏത് സമയവും നടക്കാവുന്ന സാഹചര്യമാണ് ഉള്ളത്. തിരുവമ്പാടിയിൽ **disconnect** ചെയ്ത ആളിന്റെ കണക്ഷൻ വീണ്ടും **permanent** ആയി **disconnect** ചെയ്യുവാൻ ബഹുമാനപ്പെട്ട ചെയർമാൻ ഉത്തരവിട്ടു. അത് നിയമപരമല്ല എന്ന് പറഞ്ഞ് മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ടു. അവസാനം നമുക്ക് തിരിച്ചു കൊടുക്കേണ്ടിവന്നു. ചെയർമാൻ ജീവനക്കാരോടുള്ള അമിതമായ താല്പര്യം കൊണ്ടും, ജീവനക്കരോട് സഹകരിച്ച് സ്ഥാപനം കൊണ്ട് പോകേണ്ടതിനാലും ആ ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിനുവേണ്ടിയും ബുദ്ധിപൂർവമായ ഒരു തീരുമാനം എടുത്തത് എങ്കിലും അത് നിയമപരമല്ലാത്തതിന്റെ പേരിൽ പിറ്റേ ദിവസം നമുക്ക് തിരിച്ചു കൊടുക്കേണ്ടിവന്നു. അതുകൊണ്ട് അദ്ദേഹം എടുത്ത തീരുമാനം കൃത്യമാണ്, പക്ഷെ അത് നിയയമപരമായി മാറുന്നതിന് നിയമസഭയിൽ ഒരു നിയമനിർമ്മാണം നടത്താവുന്നതാണ്. **KSEB** ജീവനക്കാരെ ഉപദ്രവിച്ചവർക്ക് കടുത്ത ശിക്ഷ നൽകുന്നതിനും, ഓഫീസിൽ കേറി അക്രമിക്കുന്നവരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുവാനും, അതിനെതിരെ നിയമസഭയിൽ ഒരു നിയമനിർമ്മാണം നടത്തുന്നതിനുള്ള നിർദ്ദേശം അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

കെ.പി.ധനപാലൻ **Ex.MP**
പ്രസിഡന്റ്

അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്
വർക്കിംഗ് പ്രസിഡന്റ്

നസീർ.എം
ജനറൽ സെക്രട്ടറി

ELECTRICITY EMPLOYEES' CONFEDERATION
Reg: No. 01-14/87
AFFI. No. 10488
INTUC